**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തെരുവു നായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് കുടുംബശ്രീ മാനേജ്മെന്റ് ഗ്രൂപ്പുകൾക്ക് സേവന തുക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(ആർ.റ്റി) നം. 3383/2016/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം.13/12/2016.

---

പരാമർശം -  1. 30/11/2016 ലെ സ.ഉ.(സാധാ)നം. 3247/2016/ത.സ്വ.ഭ.വ. നം, ഉത്തരവ്.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/11/2016 ലെ 9051/ഡി/2016 കെ.എസ്.എച്ച്.ഒ. നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തെരുവു നായ നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത്, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ തെരുവു നായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി, പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകളെ അംഗീകരിച്ചും അവർക്ക് അർഹമായ സേവന പ്രതിഫലം പദ്ധതി തുകയിൽ നിന്നും നൽകുന്നതിനും പരാമർശം ഒന്ന് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം രണ്ടിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ തെരുവു നായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകൾക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നായപിടിത്തത്തിന് നായ ഒന്നിന് 1000/- (ആയിരം രൂപ മാത്രം) നിരക്കിൽ സേവന തുക നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി,
ഡെപ്യൂട്ടി സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും,
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും,
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം,
ഡയറക്ടർ, കൃഷി (മൃഗസംരക്ഷണ) വകുപ്പ്, തിരുവനന്തപുരം,
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം,
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്,
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.